**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **04-03-2025 - ൽ മറുപടിയ്ക്ക്**

**വെങ്ങാല്ലൂർ 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ നിയോജക മണ്ഡലത്തിലെ വെങ്ങാല്ലൂർ 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും എത്ര ശതമാനം വരെ പണിപൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിലെ വെങ്ങാല്ലൂർ 220 കെ വി GIS സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി 2025 മാർച്ച് മാസത്തിൽ ടെൻഡർ വിളിക്കാൻ ഉദ്ദേശിക്കുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |
| (ബി) | വെങ്ങാല്ലൂർ സബ്സ്റ്റേഷനിൽ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | 220 കെ വി നിർദ്ദിഷ്ട GIS സബ്സ്റ്റേഷന്റെ നിർമ്മാണത്തിന്റെ സമയദൈർഘ്യം കണക്കിലെടുത്ത് ഈ വരുന്ന വേനൽക്കാലത്തെ വർധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി താൽക്കാലിക സംവിധാനം എന്ന നിലയിൽ നിർദ്ദിഷ്ട വെങ്ങാല്ലൂർ സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ വിഭാവനം ചെയ്തിട്ടുള്ള താൽക്കാലിക 110 കെ വി AIS സബ്സ്റ്റേഷന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 12.5 MVA ശേഷിയുള്ള പവർ ട്രാൻസ്ഫോമറും അനുബന്ധ കൺട്രോൾ പാനലുകളും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിക്കായി അയച്ചു കഴിഞ്ഞു. സബ്സ്റ്റേഷനിൽ നിന്നുള്ള മൂന്ന് 11 കെ വി ഫീഡറുകളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നിർമ്മാണം പൂർത്തീകരിച്ച് 2025 മാർച്ച് മാസം ആദ്യവാരം പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | വെങ്ങാല്ലൂർ 220 കെ വി GIS സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 2025 മാർച്ച് മാസത്തിൽ ടെൻഡർ വിളിക്കാൻ ഉദ്ദേശിക്കുന്നതായും നിർമ്മാണം ആരംഭിച്ച് കഴിഞ്ഞ് രണ്ടു വർഷത്തിനകം പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നതായും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ